107 (425) മണ്ഡരിരോഗബാധയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര വിദഗ്ധസമിതി

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡരി രോഗബാധയെക്കുറിച്ച് പഠിക്കാൻ കേന്ദ്ര വിദഗ്ധ സമിതി സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരമാണോ വന്നിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘം ഏതൊക്കെ പ്രദേശങ്ങളിൽ പര്യടനം നടത്തി എന്ന് വിശദമാക്കുമോ;

(ഡി) സമിതി ഏതെങ്കിലും ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽവിശദാംശം വ്യക്തമാക്കുമോ;

(എഫ്)രോഗബാധ കൂടുതലായത് ഏതൊക്കെ ജില്ലകളിലാണെന്നും നഷ്ടം സംഭവിച്ചതിന്റെ കണക്ക് ജില്ല തിരിച്ചും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര വിദഗ്ദ്ധ സമിതി 1999 ഡിസംബർമാസം കേരളത്തിൽ സന്ദർശനം നടത്തി ഒരു റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ 100 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടിരുന്നു. കൃഷിമന്ത്രി നേരിട്ടും നിവേദനം നടത്തിയിരുന്നു. മുഖ്യമന്ത്രിയും ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് സംഘം എത്തിയത്.

(സി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ പര്യടനം നടത്തിയിരുന്നു.

(ഡി) സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്)തൃശ്ശൂർ, പാലക്കാട്, എറണാകുളം, ആലപ്പുഴ, മലപ്പുറം ജില്ലകളിലാണ് കൂടുതലായി കണ്ടുവരുന്നത്. നഷ്ടത്തിന്റെ കണക്ക് ശേഖരിച്ചു വരുന്നു.

108 (426) കൃഷി ആഫീസ് മന്ദിരം നന്നാക്കുന്നതിന് ഫണ്ട്

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കുത്താളി ഗ്രാമപഞ്ചായത്തിലെ കൃഷി ആഫീസ് മന്ദിരം നന്നാക്കുന്നതിന് ഫണ്ട് അനുവദിക്കണം

LIBRARY ARCHIVES Kerala Legislative Assembly

എന്നാവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) തുകയുടെ ലഭ്യത പരിശോധിച്ചുവരുന്നു.

109 (427) യൂറോപ്യൻ ഇക്കണോമിക് സമൂഹത്തിന്റെ സഹായത്തോടെ കെട്ടിടത്തിന്റെ നിർമ്മാണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് കേന്ദ്രമായി യൂറോപ്യൻ ഇക്കണോമിക് സമൂഹത്തിന്റെ സഹായത്തോടെ പണിയുന്ന കെട്ടിടത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണം ഊർജ്ജിതപ്പെടുത്തുന്നതിന് സ്ഥലം എം.എൽ.എ. യുടെയും ഇതുമായി ബന്ധപ്പെട്ട മറ്റുദ്യോഗസ്ഥൻമാരുടെയും ഒരു യോഗം വിളിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അടുത്ത സാമ്പത്തിക വർഷാരംഭത്തോടുകൂടി വിപണിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിർമ്മാണപ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ഊർജ്ജിതപ്പെടുത്തുന്നതിന് ഒരു യോഗം വിളിച്ചു ചേർക്കുവാൻ കാർഷികോൽപ്പാദനകമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

110 (428) കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പുതിയതായി ആരംഭിക്കുന്ന കോളേജുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാല പുതിയതായി ഏതൊക്കെ കോളേജുകളാണ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

(ബി) വയനാട്ടിൽ ആരംഭിക്കുന്ന പുതിയ വെറ്ററിനറി കോളേജിലേയ്ക്ക് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയിട്ടുണ്ടോ; എത്ര സീറ്റ് അനുവദിച്ചിട്ടുണ്ട്;

(സി) സർവകലാശാല ആരംഭിക്കുന്ന ഡയറി കോളേജ് എവിടെ തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly